LIBRARY ARCHIVES Kerala Legislative Assembly

കെ. എസ്. ആർ. ടി. സി. യെ ലാഭകേരമാക്കുവാൻ ആവിഷ്ക്കരിച്ച പദ്ധതികൾ

200 (3989) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ കെ.എസ്.ആർ.ടി.സി. യുടെ വാർഷിക നഷ്ടം എത്രയാണ് ;

(ബി) ഈ നഷ്ടം കുറയ്ക്കുന്നതിന് പുതുതായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ഡി) ഇതിലേക്കുള്ള ധനാഗമ മാർഗ്ഗം എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി. പ്രവർത്തന ലാഭത്തിലാണ്. എന്നാൽ പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങൾ, മുൻ ബാദ്ധ്യതകൾ തീർക്കുന്നതിനു വേണ്ടി എടുത്ത കടത്തിന്റെ തിരിച്ചടവ്, പലിശ എന്നിവ കൂടി കണക്കിലെടുക്കുമ്പോൾ നഷ്ടത്തിലാണ്. 2007-2008 വരെയുള്ള വാർഷിക കണക്ക് മാത്രമേ പൂർത്തിയായിട്ടുള്ളൂ. 2009-10-ലെ താൽക്കാലിക കണക്ക് അനുസരിച്ച് നഷ്ടം 183.64 കോടി രൂപയാണ്.

(ബി-ഡി) കെ. എസ്. ആർ. ടി. സി. യുടെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനും സമഗ്ര പുനരുദ്ധാരണത്തിനുമായി മന്ത്രിസഭാ ഉപസമിതി തയ്യാറാക്കിയ 11 ശുപാർശകൾ അടങ്ങുന്ന പാക്കേജ് നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതുതായി പദ്ധതികളൊന്നും സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

കെ. എസ്. ആർ. ടി. സി. ബസ് സ്റ്റേഷനുകളിലെ ടോയ്ലറ്റുകളുടെ ശോചനീയാവസ്ഥ

201 (3990) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ ഏർപ്പെടുത്തിയിട്ടുള്ള പേ ആന്റ് യൂസ് ടോയ്ലറ്റ് സംവിധാനങ്ങളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(ബി) യാത്രക്കാരുടെ പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിന് ഏർപ്പെടുത്തിയിരുന്ന നിരക്ക് കുത്തനെ ഉയർത്തിയെങ്കിലും ഇവയുടെ പ്രവർത്തനം അധഃപതിച്ചതിനു കാരണം വ്യക്തമാക്കുമോ ; ഉയർന്ന നിരക്ക് ഈടാക്കുമ്പോൾ യാത്രക്കാർക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ ?